**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 320 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ നവീകരണം** | |
| ചോദ്യം | മറുപടി |
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികൾ നവീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അങ്കണവാടികളുടെ നവീകരണത്തിന് വനിതാ ശിശു വികസന വകുപ്പ്, കേന്ദ്രസർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>2016-17 സാമ്പത്തിക വർഷത്തിൽ 1480 അങ്കണവാടികൾക്ക് 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണത്തിനായുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ 135 അങ്കണവാടികൾക്ക് കൂടി നവീകരണത്തിനായി അനുമതി നൽകി.<br><br>കൂടാതെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ (60:40) രണ്ട് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 400 അങ്കണവാടിയ്ക്ക് 800 ലക്ഷം രൂപ വിനിയോഗിച്ച് നവീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് ഉപയോഗിച്ചും അങ്കണവാടികൾ നവീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ